"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് - ക്ഷീരസംഘത്തിന് മിനി പാസ്ചറൈസിംഗ് കം കേർഡ് പ്ലാന്റ് സ്ഥാപിക്കുന്നതിന് മാർഗ്ഗരേഖ വ്യവസ്ഥകളിൽ ഇളവ് അനുവദിച്ച് - പ്രോജക്ട് നടപ്പാക്കാൻ പ്രത്യേകാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.2500/2023/LSGD തീയതി,തിരുവനന്തപുരം, 14-12-2023

---

പരാമർശം:-

1. സ.ഉ.(കൈ) നം.115/2022/തസ്വഭവ, തീയതി 28.05.2022
2. കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 16.06.2023 ലെ കത്തും പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 04.05.2023 ലെ 2(2)-ാം നമ്പർ തീരുമാനവും.
3. ബഹു. ത സ്വ ഭ വകുപ്പ് മന്ത്രി അധ്യക്ഷനായ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.10.2023 -ന് നടന്ന യോഗത്തിന്റെ തീരുമാനം 4.27
4. ക്ഷീര വികസന വകുപ്പ് ഡയറക്ടറുടെ 30.10.2023ലെ DDDKER/3313/2023-D1 നമ്പർ കത്ത്.

**ഉത്തരവ്**

ക്ഷീര സഹകരണ സംഘങ്ങളിൽ പാസ്ചറൈസേഷൻ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ചെലവിന്റെ 50% (പരമാവധി 14 ലക്ഷം രൂപ) സബ്സിഡി അനുവദിക്കാൻ തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് പരാമർശം (1) മാർഗ്ഗരേഖ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. മുൻവർഷം പ്രതിദിനം ശരാശരി 3000 ലിറ്റർ പാൽ കൈകാര്യം ചെയ്യുന്ന സംഘങ്ങൾക്കാണ് ഇപ്രകാരം ധനസഹായം അനുവദിക്കാവുന്നത്. ഇത് പ്രകാരം പാമ്പാടി ബ്ലോക്ക് പഞ്ചായത്തിലെ മണർകാട് ഗ്രാമപഞ്ചായത്തിലെ അരീപ്പറമ്പ് ക്ഷീര സഹകരണ സംഘത്തിന് മിനി പാസ്ചറൈസർ കം കേർഡ് മേക്കിംഗ് പ്ലാന്റിന് സബ്സിഡി നൽകാൻ പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് പദ്ധതി ഏറ്റെടുത്തിട്ടുണ്ട്. എന്നാൽ ഈ സൊസൈറ്റിയിൽ ഒരു ദിവസം ശരാശരി 1938 ലിറ്റർ പാലാണ് കൈകാര്യം ചെയ്യുന്നത് എന്നതിനാൽ പ്രോജക്ട് നടപ്പാക്കാൻ പ്രത്യേകാനുമതി നൽകണമെന്ന് പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. പ്രോജക്ടിന്റെ വിശദറിപ്പോർട്ട് സഹിതം സമർപ്പിച്ച്, പാൽ അളവിൽ ഇളവ് നൽകി പദ്ധതിക്ക് പ്രത്യേകാനുമതി ലഭ്യമാക്കുന്നതിന് ക്ഷീര വികസന വകുപ്പ് ഡയറക്ടർ പരാമർശം (4) പ്രകാരവും ശിപാർശ ചെയ്തിട്ടുണ്ട്.

2. പരാമർശിത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാമ്പാടി ബ്ലോക്ക് പഞ്ചായത്തിലെ മണർകാട് ഗ്രാമപഞ്ചായത്തിലെ അരീപ്പറമ്പ് ക്ഷീര സഹകരണ സംഘത്തിന് മിനി പാസ്ചറൈസർ കം കേർഡ് മേക്കിംഗ്

പ്ലാന്റിന് 50 ശതമാനം സബ്സിഡി അനുവദിക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത പ്രൊജക്ട് (പ്രോ.നം: 51/24) നടപ്പാക്കുന്നതിന്, നല്ല രീതിയിൽ പ്രവർത്തിക്കുന്ന സൊസൈറ്റിയാണെന്ന ക്ഷീര വികസന ഡയറക്ടറുടെ ശിപാർശ കൂടി പരിഗണിച്ച്, മാർഗ്ഗരേഖ വ്യവസ്ഥകളിൽ ഇളവ് അനുവദിച്ച്, പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

ജോയിന്റ് സെക്രട്ടറി

1. പ്രസിഡന്റ്/ സെക്രട്ടറി, പാമ്പാടി ബ്ലോക്ക് പഞ്ചായത്ത്
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
3. ഡയറക്ടർ, ക്ഷീര വികസന വകുപ്പ്
4. ജില്ലാ പ്ലാനിംഗ് ഓഫീസർ, കോട്ടയം
5. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
6. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
7. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
8. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
9. ക്ഷീര വികസന വകുപ്പ്
10. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 18-12-2023 11:28:30

സെക്ഷൻ ഓഫീസർ